
JESUS REDEEMS MINISTRIES

# യുവജനലോകം

ജനുവരി 2025



നീ എനിക്കുവേണ്ടി തീക്ഷ്ണതയോടെ പ്രയത്നിക്കുന്നതിനാൽ ഞാൻ നിന്നെ

# അന്വേഷിച്ചുവന്ന് അനുഗ്രഹിക്കും!




**പ്രിയപ്പെട്ട യൗവനക്കാർക്ക്, യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ പുതുവത്സരാശംസകൾ!**

യൗവനക്കാരായ നിങ്ങളെ യേശുക്രിസ്തു വളരെയധികം സ്നേഹിക്കുന്നു. ഈ ഉണർവിന്റെ നാളുകളിൽ നിങ്ങളെ പ്രയോജനപ്പെടുത്തുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. അതനുസരിച്ച്, കർത്താവ് തീക്ഷ്ണതയുള്ള സൈന്യത്തെ എഴുന്നേൽപ്പിച്ചുകൊണ്ടിരിക്കുന്നു. 2024ൽ 'യേശു വിടുവിക്കുന്നു' യൂത്ത് മിനിസ്ട്രിയോട് ചേർന്ന്, സുവിശേഷം അറിയിക്കുകയും, ലക്ഷക്കണക്കിന് മണിക്കൂർ പ്രാർത്ഥിക്കുവാനും കർത്താവ് നിങ്ങളെ ഉപയോഗിച്ചതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, എന്റെ ഹൃദയം വളരെ സന്തോഷിക്കുന്നു. യേശുക്രിസ്തുവും ആനന്ദിക്കും. ഈ വർഷവും നിങ്ങൾ കൂടുതൽ തീവ്രതയോടെ ഓട്ടം തുടരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

യുവജനലോകം മാസികയുടെ എല്ലാ വായനക്കാർക്കും, എഴുത്തുകാർക്കും, വിവർത്തകർക്കും, Ignitersനും, പ്രാർത്ഥനാ കൂട്ടായ്മയിൽ ചേർന്ന് പ്രാർത്ഥിക്കുന്ന എല്ലാവർക്കും ഞങ്ങളുടെ പുതുവത്സരാശംസകൾ!



# ആമുഖം




പ്രിയപ്പെട്ട യൗവനക്കാർക്ക്, യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ!

2024ൽ കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ, ദൈവകൃപയാൽ, യാതൊരു അനർത്ഥത്തിലും നിങ്ങൾ അകപ്പെടാതെ സംരക്ഷിക്കുകയും, തന്റെ രാജ്യം പണിയുവാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തതിനായി കർത്താവിനെ സ്തുതിക്കുവിൻ.

ഈ വർഷം കർത്താവ് നിങ്ങളെ പ്രത്യേകമായി അനുഗ്രഹിക്കുവാനും ഉപയോഗിക്കുവാനും പോകുന്നു. "ഞാൻ നിന്റെ അടുക്കൽ വന്നു നിന്നെ അനുഗ്രഹിക്കും" (പുറ. 20:24) എന്ന് കർത്താവ് നിങ്ങൾക്ക് വാഗ്ദത്തം നൽകിയിരിക്കുന്നു. എന്തിന് നിങ്ങളെ അനുഗ്രഹിക്കണം? നിങ്ങൾ വിശ്രമമില്ലാതെ , ഭയപ്പെടാതെ, യാതൊന്നും പ്രതീക്ഷിക്കാതെ കർത്താവിന്റെ നാമം പ്രഘോഷിക്കുമ്പോൾ, കർത്താവ് നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങളെ അനുഗ്രഹിക്കും.

ഈ വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിങ്ങളുടെ ഓട്ടം വേഗതയുള്ളതായിരിക്കണം. നിങ്ങൾ ഉണർവ് തീവ്രമായി പ്രചരിപ്പിക്കണം. എങ്ങും കർത്താവിന്റെ നാമം സജീവമായി പ്രചരിപ്പിക്കണം. ഇതുവരെ ഉണർവിന്റെ അഗ്നി പരത്തിയ യൗവനക്കാരായ നിങ്ങൾ, ഇപ്പോൾ കർത്താവിന്റെ നാമം ശക്തമായി പ്രഘോഷിക്കണം. നിങ്ങൾ കർത്താവിന്റെ നാമം പ്രഖ്യാപിക്കുന്നിടങ്ങളിലെല്ലാം സുവിശേഷം എന്ന യേശുവിന്റെ സ്നേഹം അറിയിച്ച്, ലഘുലേഖകൾ നൽകി, നിങ്ങളുടെ പ്രാർത്ഥന തീവ്രമാക്കുവിൻ, പ്രാർത്ഥനാ ഗ്രൂപ്പുകളായി പ്രാർത്ഥിക്കുന്ന സ്ഥലങ്ങളിൽ കർത്താവ് കടന്നുവന്ന് അവരുടെ വേദനകൾ മാറ്റി, കണ്ണുനീർ തുടയ്ക്കും, ജനങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ ചെയ്യും.

നിങ്ങൾ സുവിശേഷം അറിയിക്കുന്ന സ്ഥലങ്ങളിൽ കർത്താവിന്റെ നാമം ഉയർത്തപ്പെടുന്നതിനാൽ, അത്ഭുതങ്ങളും അടയാളങ്ങളും തീവ്രമായി നടക്കും. കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ, ആദ്യ നൂറ്റാണ്ടിലെ അപ്പൊസ്തലന്മാരുടെ കാലം മടങ്ങിവരാൻ തുടങ്ങും.കർത്താവ് അപ്പൊസ്തലന്മാരെ ശക്തമായി ഉപയോഗിച്ചതുപോലെ, നിങ്ങളെയും ഉപയോഗിക്കും.

**ഇനി നിങ്ങളുടെ പ്രാർത്ഥന തീവ്രമാക്കണം!**

**ഇനി തീക്ഷ്ണതയോടെ സുവിശേഷം അറിയിക്കണം!**

**എന്റെ ദേശത്തിൽ ഉണർവ് കാണുന്നതുവരെ വിശ്രമിക്കുകയില്ല എന്ന്, യേശുവിന്റെ ശിഷ്യരായി പ്രവർത്തിക്കണം!!**

*ക്രിസ്തുവിന്റെ വേലയിൽ*
*മോഹൻ സി. ലാസറസ്*





JESUS REDEEMS MINISTRIES

യേശു വിടുവിക്കുന്നു ശുശ്രൂഷയുടെ

# ദർശനം

JESUS REDEEMS MINISTRIES

50 CRORE GOSPEL
5 CRORE SOULS

VISION 2030

| ദർശനം | പ്രവർത്തനം |
| --- | --- |
| 50 കോടി ജനങ്ങൾക്ക് സുവിശേഷം | 5 കോടി ആത്മരക്ഷ |

## യുവജന ശുശ്രൂഷയുടെ ദർശനം

| ദർശനം | പ്രവർത്തനം |
| --- | --- |
| 10 കോടി ജനങ്ങൾക്ക് സുവിശേഷം | 1 കോടി യൗവനക്കാരുടെ ആത്മരക്ഷ |





## 10 കോടി ആത്മരക്ഷ

'10 കോടി യുവജനങ്ങൾക്ക് സുവിശേഷം അറിയിച്ച് ഒരു കോടി യുവജനങ്ങളെ നേടാൻ' കർത്താവ് നൽകിയ ദർശനമനുസരിച്ച്, കഴിഞ്ഞ 2024ൽ 35,03,655 യുവനജനങ്ങൾക്ക് സുവിശേഷം അറിയിച്ചതിൽ, 30,000 യുവജനങ്ങൾ യേശുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചു. ഒരു കോടി മണിക്കൂർ ഒരു കോടി ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന തീരുമാനപ്രകാരം എല്ലാ ദിവസവും 1/2 മണിക്കൂർ പ്രാർത്ഥനാ കാർഡ്, പ്രാർത്ഥനാ ഗ്രൂപ്പ്, Igniters Fellowship എന്നിവയിലൂടെ വിവിധ സഭകളിൽ പ്രാർത്ഥന നടത്തപ്പെട്ടു. തൽഫലമായി 7,13,152 മണിക്കൂർ പ്രാർത്ഥിക്കുവാൻ കർത്താവ് കൃപ നൽകി. 2024ൽ ശുശ്രൂഷ നന്നായി ചെയ്തു പൂർത്തിയാക്കുവാൻ സഹായിച്ച ദൈവത്തിന് മഹത്വമുണ്ടാകട്ടെ!











# യുവജനലോകം

## ടെലിവിഷൻ പരിപാടി

2000 ത്തിൽ ആദ്യമായി ആരംഭിച്ച യുവജനലോകം ടെലിവിഷൻ പരിപാടി, എല്ലാ ശനിയാഴ്ചയും രാവിലെ 6.30 ന് സത്യം ടിവിയിൽ സംപ്രേക്ഷണം ചെയ്യുന്നു. ഇതിൽ സാക്ഷികൾ, സ്തുതി ആരാധന, ചോദ്യസമയം, ദർശന പാത, സത്യം അറിയുക തുടങ്ങിയ പരിപാടികളിലൂടെ ഞങ്ങൾ യേശുവിന്റെ സ്നേഹം പകർന്നുവരുന്നു. എല്ലാ ആഴ്ചയും സംപ്രേക്ഷണം ചെയ്തുവരുന്ന പുതിയ പരിപാടികൾ അനേകം യൗവനക്കാർക്ക് പ്രയോജനപ്പെടുന്നു. സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെ 10 ലക്ഷത്തിലധികം ആളുകൾ അനുഗ്രഹം പ്രാപിച്ചുവരുന്നു. കർത്താവിന് മഹത്വമുണ്ടാകട്ടെ!















യുവജനലോകം

Sathiyam

സത്യം ടിവിയിൽ
എല്ലാ ശനിയാഴ്ചയും
6.30 ന്

രാവിലെ 7 മണിക്ക്
YouTube Youtubeലും Comforter TVലും കാണാം.

യൗവനക്കാരെ! നിങ്ങളുടെ സ്നേഹിതർക്ക് ഈ പരിപാടി പരിചയപ്പെടുത്തുവിൻ.
ഈ പരിപാടിയിലൂടെ നിങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഞങ്ങളെ അറിയിക്കുവിൻ!!
9750955547

# കാത്തിരിപ്പിന്റെ ആവശ്യകത



**ഒരു ക്രൈസ്തവ കുടുംബത്തിൽ സഭാ പാസ്റ്ററുടെ മകനായി ജനിച്ച്, കുട്ടിക്കാലം മുതൽ ദൈവഭക്തിയിൽ വളർന്നെങ്കിലും, തന്റെ യൗവനപ്രായത്തിൽ ക്രിക്കറ്റിന് അടിമപ്പെട്ടതിനെതുടർന്ന്, ദൈവത്താൽ വേർതിരിക്കപ്പെട്ട്, കർത്താവിൽ നിന്നും ധാരാളം ഗാനങ്ങൾ ഏറ്റുവാങ്ങി, ഇന്ന് ഗാനാരാധനയിലൂടെ കർത്താവിന്റെ നാമത്തെ ഉയർത്തി വരുന്ന പാസ്റ്റർ ബെന്നറ്റ് ക്രിസ്റ്റഫറുമായുള്ള അഭിമുഖം കാണാം.**

### നിങ്ങളെക്കുറിച്ചും നിങ്ങളുടെ കുടുംബത്തെക്കുറിച്ചും പറയാമോ?

ഞാൻ കോയമ്പത്തൂർ ജില്ലയിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ഒരു സഭാ പാസ്റ്ററുടെ മകനായി ജനിച്ചു. ഞങ്ങളുടെ കുടുംബത്തിൽ അച്ഛനും, അമ്മയും, ഞാനും, സഹോദരനുമാണുള്ളത്. ഞാൻ 1 1/2 വയസ്സുള്ളപ്പോൾ, ഒരു തവണ പാൽ കുടിക്കുമ്പോൾ പാൽ മൂക്കിൽ കയറി, മൂക്കിലൂടെയും വായിലൂടെയും പുറത്തേക്ക് വരുകയും എന്റെ ശ്വാസം നിലയ്ക്കുകയും ചെയ്തു. അഞ്ച് മിനിറ്റോളം ശ്വാസം ഇല്ലാതിരുന്നു. ആ അഞ്ച് മിനിറ്റിനുള്ളിൽ എന്റെ അമ്മ "എന്റെ മകന് ജീവന് നൽകിയാൽ അവനെ ശുശ്രൂഷയ്ക്കായി സമർപ്പിക്കും" എന്നു പറഞ്ഞ് പ്രാർത്ഥിച്ചപ്പോൾ കർത്താവ് കൃപയാൽ എനിക്ക് ജീവൻ നൽകി. അപ്പോൾ മുതൽ ഞാൻ ശുശ്രൂഷയ്ക്കായുള്ള സമർപ്പണത്തോടെ വളർത്തപ്പെട്ടു. കുട്ടിക്കാലം മുതൽ ഞാൻ സഭാ കാമ്പസിലാണ് വളർന്നത്. ആ കാമ്പസിൽ ഒരു അനാഥാലയം ഉണ്ടായിരുന്നു. അതിൽ 35 ആൺകുട്ടികൾ താമസിച്ചിരുന്നു. അവരോടൊപ്പം ചേർന്ന് ഞാനും കളിക്കുമായിരുന്നു. അങ്ങനെ എന്റെ ബാല്യകാലം സഭയിലും കൂട്ടുകാർക്കുമൊപ്പം



വളരെ സന്തോഷകരമായിരുന്നു. ഞാൻ ഒരു പാസ്റ്ററുടെ മകനായിരുന്നതിനാൽ വളരെ ദൈവഭക്തിയോടെയാണ് വളർന്നത്.

**ശുശ്രൂഷയ്ക്കായി സമർപ്പിച്ച നിങ്ങൾ കുട്ടിക്കാലത്ത് എങ്ങനെയാണ് പഠിച്ചത്?**

കുട്ടിക്കാലം മുതൽ ഞാൻ നന്നായി പഠിച്ചിരുന്നു. എന്റെ ക്ലാസിൽ ഞാൻ ഒന്നാമനായിരുന്നു. എന്റെ മാതാപിതാക്കൾ എന്നെ ശുശ്രൂഷയ്ക്കായി സമർപ്പിച്ചതിനാൽ, ഞാൻ നന്നായി പഠിച്ച് എവിടെയെങ്കിലും ജോലിക്ക് പോകുമെന്ന് ഭയന്ന് അവർ ഒരിക്കലും എന്നെ പ്രശംസിച്ചിരുന്നില്ല. 100 മാർക്ക് നേടിയാലും ഒരു പ്രശംസയും കിട്ടുകയില്ല. അതുകൊണ്ട് progress report എന്റെ മാതാപിതാക്കളെ കാണിക്കുവാൻ പോലും ഞാൻ ആഗ്രഹിച്ചിരുന്നില്ല. അഭിനന്ദനം ലഭിക്കാത്തത് എന്നെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമായിരുന്നു. എങ്കിലും കർത്താവിന്റെ കൃപയാൽ തുടർന്നും ഞാൻ നന്നായി പഠിച്ചുകൊണ്ടിരുന്നു. കർത്താവ് എന്റെ വിദ്യാഭ്യാസത്തെ അനുഗ്രഹിച്ചു.

**നിങ്ങൾ മിടുക്കനായ വിദ്യാർത്ഥി ആയിരുന്നിട്ടും മാതാപിതാക്കളിൽ നിന്ന് പ്രശംസ ലഭിക്കാതെ വന്നപ്പോൾ എന്താണ് ചെയ്തത്?**

ആ സമയത്ത് എന്റെ ശ്രദ്ധ ക്രിക്കറ്റിലേക്ക് തിരിഞ്ഞു. ഞാൻ നന്നായി ക്രിക്കറ്റ് കളിക്കുമെന്ന് ഞാൻ മനസ്സിലാക്കി. ആ വിനോദത്തോടുള്ള അടങ്ങാത്ത അഭിനിവേശം കാരണം ഞാൻ ഒരു ഭ്രാന്തനെപ്പോലെ പെരുമാറി.
ബാറ്റിനോടൊപ്പമാണ് ഉറങ്ങുന്നത്. കടയിലും ബാറ്റുമായി പോകും. സച്ചിൻ ടെണ്ടുൽക്കറിനോടുള്ള ഭ്രാന്ത്. ആരെങ്കിലും അയാളെക്കുറിച്ച് മോശമായി പറഞ്ഞാൽ തല്ലുന്ന പരിധിയിലേക്ക് പോകും.
അത്തരത്തിലൊരു ഭ്രാന്ത്. അങ്ങനെയിരുന്നപ്പോൾ 'ഇവൻ ശുശ്രൂഷയെ വിട്ടുപോകും' എന്ന് എന്റെ മാതാപിതാക്കൾ ഭയപ്പെട്ടു. എനിക്ക് 15 വയസ്സുണ്ടായിരുന്നപ്പോൾ ഞാൻ നന്നായി ക്രിക്കറ്റ് കളിക്കുന്നത് കണ്ടവരെല്ലാം എന്നെ ക്രിക്കറ്റിൽ ചേർക്കുവാൻ എന്റെ മാതാപിതാക്കളോട് ആവശ്യപ്പെട്ടു. ഇത് കേട്ട് അച്ഛൻ എന്നെ ശരിക്കും തല്ലി. അപ്പോൾ കട്ടിലിലേക്ക് വീണ് പുരികത്തിൽ മുറിവേറ്റു. ആ തഴമ്പ് ഇപ്പോഴുമുണ്ട്. "ഈ ലോകത്തിൽ ഞാൻ മറ്റൊന്നും നിന്നോട് ആവശ്യപ്പെട്ടിട്ടില്ല, നീ ശുശ്രൂഷ ചെയ്യണം എന്നതാണ് എന്റെ ആഗ്രഹം" എന്ന് എന്റെ അച്ഛൻ പലപ്പോഴും എന്നോട് പറയുമായിരുന്നു. അത് എന്റെ ജീവിതത്തിൽ ദൈവഹിതമായതിനാൽ എന്റെ മാതാപിതാക്കൾ അതിൽ വളരെ ശ്രദ്ധാലുക്കളായിരുന്നു.

**ക്രിക്കറ്റാണ് എന്റെ ജീവിതം എന്ന് ചിന്തിച്ചിരുന്ന നിങ്ങൾക്ക് എപ്പോഴാണ് ശുശ്രൂഷയ്ക്കുള്ള വാഞ്ച ഉണ്ടായത്?**

ഞാൻ പത്താം ക്ലാസ് പഠിക്കുമ്പോഴാണ് എനിക്ക് ശുശ്രൂഷയെക്കുറിച്ചും, സഭയെക്കുറിച്ചും ഒരു ഭാരം ഉണ്ടായത്. മനുഷ്യർക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്നവരെ കണ്ട് നിരാശ ഉണ്ടായി. "കർത്താവിനുവേണ്ടി നിൽക്കുവാൻ ഒരാൾ വേണമല്ലോ; കർത്താവിന്റെ പക്ഷത്ത് ആര് നിൽക്കും? എന്ത് നഷ്ടപ്പെട്ടാലും കർത്താവിന്റെ പക്ഷത്ത് നിൽക്കുന്ന ഒരു മനുഷ്യൻ ഉണ്ടാകണം; അത് എന്തുകൊണ്ട് ഞാനായിക്കൂടാ?" എന്ന തീക്ഷ്ണത കർത്താവ് എന്നിൽ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ആ കാലഘട്ടമാണ് എന്റെ ആത്മീയ ശുശ്രൂഷാ ജീവിതത്തിന്റെ അടിസ്ഥാനം.

**ശരി പാസ്റ്റർ! ശുശ്രൂഷയ്ക്കായുള്ള ഭാരം ഉണ്ടായതിനുശേഷം, എപ്പോഴാണ് നിങ്ങൾ ആദ്യമായി ഗാനരചന തുടങ്ങിയത്? ഗാനരചനയ്ക്കായുള്ള കൃപ എങ്ങനെയാണ് ലഭിച്ചത്?**



എനിക്ക് 15 വയസ്സുണ്ടായിരുന്നപ്പോൾ ഞങ്ങളുടെ സഭയിൽ ഒരു പ്രാസംഗികൻ വന്ന് "നിനക്ക് വിരോധമായും നിന്റെ സ്വർഗത്തിന്



വിരോധമായും ഞാൻ പാപം ചെയ്തു" എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രസംഗം നടത്തി. ഞാൻ മീറ്റിംഗ് അവസാനിച്ചശേഷം വീട്ടിലേക്ക് പോകുന്ന വഴിക്ക് ദൈവീക സാന്നിധ്യം എന്നിൽ വ്യാപരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ആ വചനം താളത്തോടു കൂടിയ പാട്ടായി എന്നിൽ വന്നു. ഞാൻ വീട്ടിൽ പോയിരുന്ന് കർത്താവ് എന്റെ മനസ്സിൽ നൽകിയ വരികൾ ഒരു പുസ്തകത്തിൽ എഴുതി. താളം മറന്നുപോകാതിരിക്കുവാൻ അത് ഒരു 100 തവണ പാടിയിരിക്കും. അതാണ് കർത്താവ് എനിക്ക് നൽകിയ ആദ്യത്തെ ഗാനം. 15-ാം വയസ്സ് മുതൽ കർത്താവ് എനിക്ക് ധാരാളം ഗാനങ്ങൾ നൽകികൊണ്ടിരുന്നു. എനിക്ക് 18 വയസ്സായപ്പോൾ കർത്താവിന്റെ കൃപയാൽ ഇരുപതിലധികം ഗാനങ്ങൾ നൽകപ്പെട്ടിരുന്നു. അതുകൊണ്ടാണ് "പാട്ടുകൾ ഞാൻ എഴുതുന്നതല്ല, അത് എനിക്ക് ലഭിക്കുന്നതാണ്" എന്ന് പറയുന്നത്. ദൈവസന്നിധിൽ ആയിരിക്കുമ്പോൾ ആരോ എന്റെ മനസ്സിൽ വാക്കുകളും താളവും വയക്കുന്നതുപോലയിരിക്കും. സ്വന്തമായി ഞാൻ പാട്ടുകൾ എഴുതുന്നില്ല. കർത്താവിൽ നിന്ന് സ്വീകരിക്കുക മാത്രമാണ് ചെയ്യുന്നത്. പല തവണ ധാരാളം പാട്ടുകൾ സ്വന്തമായി എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ എത്ര ശ്രമിച്ചാലും എനിക്ക് സ്വന്തമായി എഴുതുവാൻ കഴിയില്ല. അങ്ങനെയിരിക്കെ പാട്ടുകൾ എഴുതുന്നത് ഞാനാണെന്ന് എങ്ങനെ പറയുവാൻ കഴിയും?

**ശരി പാസ്റ്റർ, ഈയിടയ്ക്ക് പുറത്തിറങ്ങിയ "ഉങ്ക നാമം ഉയരണം", "അവർ നാമം യേശുക്രിസ്തു" എന്നീ രണ്ട് ഗാനങ്ങളും കർത്താവിന്റെ നാമം മഹത്വപ്പെടുത്തുന്നവയാണ്. ഈ ഗാനങ്ങളുടെ പശ്ചാത്തലത്തെക്കുറിച്ച് പറയാമോ?**

'ഉങ്ക നാമം ഉയരണം' എന്ന ഗാനത്തിന് ആ വരികൾ എനിക്ക് നേരിട്ട് ലഭിച്ചിരുന്നില്ല. ആ ഗാനത്തിലെ ഹല്ലേലൂയാ കോറസ് ആണ് എനിക്ക് ആദ്യം ലഭിച്ചത്. 'ആവിയാനവരേ ആവിയാനവരേ' എന്ന വാക്കാണ് ആദ്യം ലഭിച്ചത്. ആ കോറസ് മാത്രം ധാരാളം അഭിഷേക കൂട്ടായ്മകളിൽ ആലപിച്ചപ്പോൾ അനേകർ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു. ആ വാക്കുകൾ തന്നെ ആവർത്തിച്ച് പാടിക്കൊണ്ടിരിക്കും. അങ്ങനെ ഒരു ദിവസം പ്രാർത്ഥനാ സമയത്ത് 'ആവിയാനവരെ ആവിയാനവരെ' എന്ന കോറസ് ആലപിച്ചുകൊണ്ടിരുന്നപ്പോൾ ആ വാക്കുകൾ "ഹലേലൂയാ ഹലേലൂയാ" എന്ന് മാറി, തുടർന്ന് "ഉങ്ക നാമം ഉയരണം" എന്ന പുതിയ വരികൾ രാഗത്തോടെ നൽകപ്പെട്ടു. അത് മുഴുവൻ പാട്ടായിരുന്നു.

ഞാൻ എവിടെ ഇരുന്നാലും, വാഹനത്തിൽ പോകുമ്പോഴും, വരുമ്പോഴും എപ്പോഴും കർത്താവിനെ സ്തുതിച്ച് ആരാധിച്ചുകൊണ്ടിരിക്കുന്ന ഒരു ശീലം എനിക്കുണ്ട്. അങ്ങനെ ആരാധിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവ് എനിക്ക് പെട്ടെന്ന് ഒരു പുതിയ ഗാനം നൽകിയാൽ പ്രത്യേക ദൈവസാന്നിധ്യം എന്നിൽ നിറയപ്പെടും. അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നപ്പോൾ, 'അവർ നാമം യേശുക്രിസ്തു' എന്ന ഗാനത്തെ കർത്താവ് നൽകി. ഈ ഗാനം പഠിപ്പിക്കുന്നതെന്തെന്നാൽ, എല്ലാ രോഗങ്ങൾക്കും ഒരു ഔഷധവും, എല്ലാ പ്രശ്നങ്ങൾക്കും അനേകം ദൈവങ്ങളെ അന്വേഷിച്ചുപോകുന്ന ഈ ലോകത്തിൽ എല്ലാ പ്രശ്നങ്ങൾക്കും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും പര്യാപ്തവും, നിത്യതയിൽ നമ്മെ എത്തിക്കുവാനും ശക്തിയുള്ളതുമായ ഒരേ ഒരു നാമം, യേശു എന്ന നാമമാണ്.

**നിങ്ങളുടെ കുടുംബജീവിതത്തെക്കുറിച്ച് പറയാമോ?**

2016ൽ സഹോ. Percia Mothiയെ ഞാൻ വിവാഹം കഴിച്ചു. കർത്താവ് ജീവിക്കുന്നു, അത്ഭുതകരമായി ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു എന്നതിന്റെ ഒരു സാക്ഷ്യമായിരുന്നു ഞങ്ങളുടെ വിവാഹം. എന്റെ ഭാര്യ ഒരു ഐടി കമ്പനിയിൽ HR ആയി ജോലി ചെയ്യുന്നു. ഞങ്ങൾക്ക് 2 പെൺമക്കളാണ്.



**യുവജനങ്ങളോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

യൗവനപ്രായത്തിൽ എല്ലാവർക്കും പുരോഗതി









നേടാനും പ്രശസ്തരാകാനും ആഗ്രഹമുണ്ടാകും. അത് ന്യായമായ കാര്യമാണ്. കഴിവുകൾ ഉള്ളപ്പോൾ അത് നമ്മെ വളരെ വേഗതയിലാക്കും. എനിക്ക് കഴിവും, താലന്തും, പണവും ഉണ്ടായിരുന്നതിനാൽ ദൈവത്തിന്റെ ആലോചന കേൾക്കാതെ 9 വർഷം മുമ്പ് ഞാൻ ഒരു സിഡി പുറത്തിറക്കി. പ്രാർത്ഥനയോടെയാണ് ഞാൻ അത് ചെയ്തത്. എന്നാൽ അത് ദൈവഹിതമാണോ ദൈവത്തിന്റെ സമയമാണോ എന്ന് കർത്താവിനോട് ചോദിക്കാതെ ചെയ്തു. അതുമൂലം മൂന്ന് ലക്ഷം രൂപ എനിക്ക് നഷ്ടപ്പെട്ടു. അതിനുശേഷം എപ്പോൾ പാട്ട് റിലീസ് ചെയ്യുവാൻ കർത്താവ് പറയുമോ അപ്പോൾ മാത്രം ചെയ്യാം എന്ന് തീരുമാനിച്ചു. പല നാളുകൾ കാത്തിരുന്നു. 2022 ന്റെ അവസാനം ഓരോ ഗാനവും പ്രകാശനം ചെയ്യുവാൻ കർത്താവ് അരുളിച്ചെയ്യുകയും ഓരോ ഗാനമായി പ്രകാശനം ചെയ്യുവാൻ സഹായിക്കുകയും ചെയ്തു. അപ്പോഴാണ് ദൈവഹിതത്തിനും സമയത്തിനും വേണ്ടിയുള്ള കാത്തിരിപ്പിന് മഹത്തായ ശക്തിയും പ്രതിഫലവും ഉണ്ടെന്ന് ഞാൻ മനസ്സിലാക്കിയത്.

യുവജനങ്ങളോട് ഒരു സഹോദരനെന്ന നിലയിൽ എന്റെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത് എന്തെന്നാൽ, എത്ര കഴിവുണ്ടെങ്കിലും, പണമുണ്ടെങ്കിലും, അവസരങ്ങൾ ഉണ്ടായാലും നിങ്ങളുടെ വിളി പൂർത്തീകരിക്കാൻ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക എന്നത് വളരെ പ്രധാനമാണ്. എന്റെ ജീവിതത്തിൽ ഒരുപക്ഷേ കർത്താവ് എന്നെ വിളിക്കുന്നതിനുമുമ്പ് ഞാൻ സ്വയമായി ശുശ്രൂഷയ്ക്ക് വന്നിരുന്നെങ്കിൽ, ഞാൻ ധാരാളം തെറ്റായ പ്രസംഗങ്ങൾ നടത്തിയിരിക്കുമായിരുന്നു. തെറ്റായ, ആഴമേറിയ അസത്യമായ ഗാനങ്ങൾ പ്രകാശനം ചെയ്യുമായിരുന്നു. ഞാൻ ബൈബിൾ കോളേജിൽ പഠിച്ച 14 വർഷങ്ങൾ കർത്താവ് എന്നെ രൂപാന്തരപ്പെടുത്തി. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇപ്പോഴും ഞാൻ വളരെ സന്തോഷിക്കുന്നു. ആ 14 വർഷം എനിക്ക് നഷ്ടമായിരുന്നില്ല. എന്റെ വിവാഹം കഴിഞ്ഞതിനുശേഷവും എനിക്ക് ശുശ്രൂഷ ലഭിച്ചിരുന്നില്ല. എല്ലാ മാസവും എന്റെ കുടുംബത്തിലെ ആവശ്യങ്ങൾക്ക് നൽകുവാനും എന്റെ കൈയിൽ പണം ഉണ്ടായിരിക്കുകയില്ല. എന്റെ ഭാര്യയുടെ കൈയിൽ നിന്നും പണം വാങ്ങി ചെലവ് നടത്തിവന്നു. എന്റെ ഈ അവസ്ഥ കണ്ട് പലരും എന്നെ കളിയാക്കി വേദനിപ്പിച്ചു. എന്നാൽ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരുന്ന അഹരോന്റെ വടി തളിർത്ത സംഭവം എന്നെ ബലപ്പെടുത്തി. ദേവാലയത്തിൽ വച്ചിരുന്ന 12 വടികളിൽ കർത്താവ് തെരഞ്ഞെടുത്ത വടി, ഒരു രാത്രിയിൽ തളിർക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്തു. ആ വടി വെയിലുള്ള സ്ഥലത്ത് നട്ട്, വെള്ളം നനച്ച്, അത് ഫലം നൽകുവാൻ പത്ത് വർഷമെങ്കിലും കാത്തിരിക്കണമെന്ന് മനുഷ്യർ പറയും. എന്നാൽ ദൈവസന്നിധിയിൽ ഇതൊക്കെ സംഭവിക്കുവാൻ ഒരു രാത്രി മതി. ഈ വെളിപ്പെടുത്തൽ എനിക്ക് വളരെ ബലമായിരുന്നു. നിരുത്സാഹപ്പെടുത്തുന്ന പല വാക്കുകൾ കേൾക്കുമ്പോഴും ഈ സംഭവം ഞാൻ ഓർക്കുകയും കർത്താവിൽ എന്നെത്തന്നെ ശക്തിപ്പെടുത്തുകയും ചെയ്യും.

അവസാനമായി യൗവനക്കാരോട് എനിക്ക് പറയാനുള്ളത് എന്തെന്നാൽ, കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുവിൻ. കർത്താവിന്റെ മാർഗനിർദേശത്തിനായി കാത്തിരിക്കുവിൻ. നമ്മുടെ കർത്താവ് എല്ലാം അതിന്റെ സമയത്ത് നിറവേറ്റും. നമുക്ക് എന്തെല്ലാം കഴിവുകൾ ഉണ്ടെങ്കിലും, കർത്താവിനാൽ നാം രൂപപ്പെടുന്ന സമയമാണ് ഏറ്റവും ഉചിതമായ സമയം. ആ സമയത്തിനുവേണ്ടി കർത്താവ് പ്രതീക്ഷിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയ്ക്കുവേണ്ടി നിങ്ങൾ വന്നെങ്കിൽ, ഒരു മനുഷ്യനെയും നിങ്ങൾ വിശ്വസിക്കേണ്ട ആവശ്യമില്ല. നിങ്ങളെ ഉയർത്തണമെന്ന ആവശ്യം അവർക്കുമില്ല . കർത്താവാണ് വിളിച്ചതെങ്കിൽ കർത്താവ് നിങ്ങളെ വഴിനടത്തും.

**കർത്താവിനെ മുറികെപ്പിടിച്ചുകൊൾവിൻ!**

**കർത്താവിനായി കാത്തിരിക്കുവിൻ!!**

**കർത്താവിന്റെ സമയത്ത് പ്രവർത്തിക്കുവിൻ!!!**



# അന്വേഷിച്ചുവന്ന് അനുഗ്രഹിക്കും!!



യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ, നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ പുതുവത്സരാശംസകൾ!

ഒരു പിതാവ് തന്റെ കുഞ്ഞിനെ തോളിൽ ചുമക്കുന്നതുപോലെ, കഴിഞ്ഞ വർഷം മുഴുവനും നമ്മെ നയിച്ച്, ഒരു പുതിയ വർഷം കാണുവാൻ ഇടയാക്കിയ കർത്താവിന് സ്തോത്രം!

എല്ലാ വർഷവും, നമ്മുടെ 'യേശു വിടുവിക്കുന്നു' ശുശ്രൂഷയ്ക്കായി കാത്തിരുന്ന് പ്രാർത്ഥിക്കുമ്പോൾ, കർത്താവ് വാഗ്ദത്തം നൽകുകയും, ആ വാഗ്ദത്തങ്ങൾ നിറവേറ്റുകയും ചെയ്തുവരുന്നു. അതുപോലെ ഈ 2025-ാം വർഷത്തിനുവേണ്ടി കർത്തൃസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ, "ഞാൻ എന്റെ നാമത്തിന്റെ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്നു നിന്നെ അനുഗ്രഹിക്കും" (പുറ. 20:24) എന്ന് കർത്താവ് വാഗ്ദത്തം നൽകി.

എനിക്ക് പ്രിയപ്പെട്ട യൗവനക്കാരായ മകനെ(ളെ), നിങ്ങൾ ബിസിനസ്സ് ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ, കർത്താവ് വന്ന് നിങ്ങളുടെ ബിസിനസ്സിനെ അനുഗ്രഹിക്കും! അല്ലെങ്കിൽ നിങ്ങൾ ജോലി ചെയ്തുകൊണ്ടിരിക്കുകയാകാം, കർത്താവ് വന്ന് ആ ജോലിയിൽ നിങ്ങളെ അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യും! അല്ലെങ്കിൽ നിങ്ങൾ പഠിക്കുകയാണെങ്കിൽ, നിങ്ങൾ പഠിക്കുന്ന സ്ഥലത്ത് വന്ന് കർത്താവ് നിങ്ങളുടെ പഠനത്തിൽ നിങ്ങളെ അനുഗ്രഹിക്കും! നിങ്ങൾ ശുശ്രൂഷ ചെയ്യുകയാണെങ്കിൽ ശുശ്രൂഷാ സ്ഥലത്ത് കർത്താവ് വന്ന് നിങ്ങളെ അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യും!



നയീനിലെ വിധവയ്ക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കുകയും മരിച്ചുപോയ അവളുടെ ഏകമകനെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്ത യേശുക്രിസ്തുവിനെക്കുറിച്ച് അവിടെ ഉണ്ടായിരുന്ന ജനങ്ങൾ, "ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കോസ് 7:16) എന്ന് പറഞ്ഞ് വളരെ ആശ്ചര്യപ്പെട്ടു. കർത്താവിനെ അന്വേഷിച്ചു വന്നവരെല്ലാം കർത്താവിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു. അതൊടൊപ്പം കർത്താവ് ജനങ്ങളെ അന്വേഷിച്ചു പോയി അത്ഭുതങ്ങൾ പ്രവർത്തിച്ച് അവരെ സന്തോഷിപ്പിച്ച നിരവധി സംഭവങ്ങളും വിശുദ്ധ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അതേ കർത്താവായ യേശുക്രിസ്തു ഇന്നും തന്നെ അന്വേഷിക്കുന്ന ജനങ്ങളെ സന്ദർശിക്കുകയും, അവർക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ന് കർത്താവ്

നിങ്ങളെ നോക്കി, "എന്റെ മകനെ(ളെ), ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും" എന്ന് പറയുന്നു.

കർത്താവ് നമ്മെ സന്ദർശിച്ച്, എന്തൊക്കെ അനുഗ്രഹങ്ങളാണ് നൽകുന്നതെന്ന് നമുക്ക് ധ്യാനിക്കാം.

## രക്ഷ എന്ന അനുഗ്രഹം!

യെരീഹോ എന്ന പട്ടണത്തിൽ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്ന പുരുഷനെ യേശുക്രിസ്തു കണ്ടുമുട്ടി. അവൻ ആദായ നികുതി ഉദ്യോഗസ്ഥനായിരുന്നു. സർക്കാർ ജോലി! കൈ നിറയെ സമ്പാദ്യം! ആ പട്ടണത്തിലെ പ്രശസ്തനായ ഒരു വ്യക്തിയുമായിരുന്നു എന്നാൽ, അവന്റെ മനസ്സിന് സമാധാനമില്ല! ആ സാഹചര്യത്തിൽ യേശുക്രിസ്തുവിനെ കാണുവാൻ അവൻ ആഗ്രഹിച്ചു. യേശുക്രിസ്തുവും അവനെ വന്ന് കണ്ടു.



യേശു അവനെ കണ്ടുമുട്ടിയപ്പോൾ, "സക്കായിയേ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" (ലൂക്കോസ് 19:5) എന്നു പറഞ്ഞു. ആ വാക്ക് കേട്ടപ്പോൾ സക്കായിക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഈ പട്ടണത്തിൽ ആരും എന്നെ ബഹുമാനിക്കുന്നില്ല! 'പാപിയായൊരു മനുഷ്യൻ!' എന്നു പറഞ്ഞ്, എല്ലാവരും എന്നെ അകറ്റി നിർത്തുന്നു! എന്നാൽ, മനുഷ്യനായി അവതരിച്ച കർത്താവ് എന്നോടുകൂടെ വന്ന് എന്റെ വീട്ടിൽ താമസിക്കുവാൻ പോകുന്നുവോ? എന്ന്, സക്കായിക്ക് വലിയ അത്ഭുതം! താൻ പറഞ്ഞതുപോലെ യേശുക്രിസ്തു സക്കായിയുടെ വീട്ടിൽ പോയി, "ഇന്ന് ഈ വീട്ടിനു രക്ഷ വന്നു" (ലൂക്കോസ് 19:9) എന്ന് അവനെ നോക്കി പറഞ്ഞ് അനുഗ്രഹിച്ചു. പാപക്ഷമ എന്ന ഈ രക്ഷ കർത്താവ് നമുക്ക് നൽകുന്ന ഒരു വലിയ അനുഗ്രഹമാണ്! ആ അനുഗ്രഹം സക്കായിക്ക് മാത്രമല്ല, അവന്റെ കുടുംബത്തിന് മുഴുവനും കർത്താവ് അരുളിച്ചെയ്തു.

"ഞാൻ വന്ന് നിന്നെ അനുഗ്രഹിക്കും!" എന്നു പറഞ്ഞ കർത്താവ്, സക്കായിയെ സന്ദർശിച്ച്, രക്ഷ എന്ന അമൂല്യമായ അനുഗ്രഹം നൽകി. ആ അനുഗ്രഹം അവനിൽ എങ്ങനെ വന്നു? എന്ന് ചിന്തിച്ചു നോക്കിയാൽ, തനിക്കും കുടുംബത്തിനും വേണ്ടി അന്യായമായി ധനം സമ്പാദിച്ചുകൊണ്ടിരുന്ന സക്കായി, ആദ്യമായി യേശുക്രിസ്തുവിനോട്, "കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു" എന്ന് പറഞ്ഞു. സക്കായി തന്റെ തെറ്റ് മനസ്സിലാക്കി, മാനസാന്തരപ്പെട്ട്, തന്റെ പാപം എല്ലാവരോടും ഏറ്റുപറഞ്ഞ്, തന്റെ കാര്യങ്ങൾ ക്രമീകരിച്ചപ്പോൾ കർത്താവ് ആ അനുഗ്രഹം അവന് നൽകി.

എന്റെ പ്രിയ മകനെ(ളെ), രക്ഷ എന്ന അനുഗ്രഹം എളുപ്പത്തിൽ ലഭിക്കുകയില്ല. ആ അനുഗ്രഹം നമുക്ക് ലഭിക്കണമെങ്കിൽ, നമ്മുടെ പാപത്തെക്കുറിച്ചുള്ള ബോധവും, മാനസാന്തരവും നമുക്കുണ്ടാകണം. മാത്രമല്ല, നമ്മുടെ ജീവിതത്തിൽ ക്രമപ്പെടുത്തേണ്ട കാര്യങ്ങൾ ശരിയാക്കുമ്പോൾ, കർത്താവ് നൽകുന്ന അമൂല്യമായ ആ രക്ഷയുടെ സന്തോഷവും, സമാധാനവും, എല്ലാത്തരം അനുഗ്രഹങ്ങളും നമുക്ക് ലഭിക്കും!

## സൗഖ്യം എന്ന അനുഗ്രഹം!

"യേശു പത്രൊസിന്റെ വീട്ടിൽ വന്നാറെ അവന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു. അവൻ അവളുടെ കൈ തൊട്ടു; പനി അവളെ വിട്ടു; അവൾ എഴുന്നേറ്റ് അവർക്ക് ശുശ്രൂഷചെയ്തു" (മത്തായി 8:14,15) എന്ന് വിശുദ്ധ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു.

പത്രൊസിന്റെ വീട്ടിൽ അവന്റെ അമ്മാവിയമ്മ, മാരകമായ പനിയാൽ ബാധിക്കപ്പെട്ട്, കിടക്കയിലായിരുന്നു. അപ്പോൾ യേശുക്രിസ്തു ആ വീട്ടിൽ വന്ന്, അവരെ സ്പർശിച്ചപ്പോൾ, ആ നിമിഷം തന്നെ പനിമാറി! നോക്കുവിൻ; മരണം ഉണ്ടാകുമോ? എന്ന് കരുതി, വളരെ സങ്കടത്തിലും, ഭയത്തിലും ആയിരുന്ന പത്രൊസിന്റെ വീട്ടിൽ യേശുക്രിസ്തു വന്ന്, അവന്റെ അമ്മാവിയമ്മയുടെ മരണക്കിടക്കയെ മാറ്റി! അതേ കർത്താവായ യേശുക്രിസ്തു ഇന്ന് നിങ്ങളെ നോക്കി, "ഞാൻ

നിന്റെ അടുക്കൽ വന്നു നിന്നെ അനുഗ്രഹിക്കും" (പുറ. 20:24) എന്ന് പറയുന്നു.

ഒരുപക്ഷേ ഇന്ന് നിങ്ങളുടെ കുടുംബത്തിലുള്ള ആരെങ്കിലും മാരകമായ അസുഖം ബാധിച്ച് മരണക്കിടക്കയിൽ കിടക്കുന്നതിനെക്കുറിച്ച് ചിന്തിച്ച് ആശങ്കയോടെ, കലങ്ങികൊണ്ടിരിക്കുന്നുവോ? കലങ്ങാതിരിക്കുവിൻ! യേശുക്രിസ്തു വന്ന് സൗഖ്യം നൽകി, അനുഗ്രഹിക്കും! എന്നാൽ കർത്താവ് അനുഗ്രഹിക്കണമെങ്കിൽ, നിങ്ങൾ കർത്താവിനെ നിങ്ങളുടെ വീട്ടിൽ സ്വീകരിക്കണം. കർത്താവ് വന്നാൽ നിശ്ചയമായും അനുഗ്രഹിക്കും. കർത്താവ് നൽകുന്ന അനുഗ്രഹങ്ങളിൽ ഒന്നാണ് നല്ല ആരോഗ്യം!

കർത്താവ് ഇന്ന് നിങ്ങളെ നോക്കി, "എന്റെ മകനെ(ളെ), നിന്റെ വീട്ടിൽ വന്ന്, നിന്നെ അനുഗ്രഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്നെ വിശ്വസിച്ച് ഏറ്റെടുത്താൽ മാത്രമേ, എനിക്ക് നിന്റെ വീട്ടിൽ വരാൻ കഴിയൂ. നിങ്ങളുടെ വീട്ടിലേക്ക് വരുവാൻ ഞാൻ തയാറായിരിക്കുന്നു" എന്ന് പറയുന്നു.

## നഷ്ടപ്പെട്ടതിനെ തിരികെ നൽകുന്ന അനുഗ്രഹം!

ഇസ്രായേൽ ദേശത്ത് യെരുശലേമിൽ നിന്ന് ഏകദേശം 2 മൈൽ അകലെയുള്ള 'ബേഥാന്യ' എന്ന ഗ്രാമത്തിൽ 'മാർത്ത', 'മറിയ' എന്ന് പേരുള്ള 2 സഹോദരിമാർ ഉണ്ടായിരുന്നു. അവർക്ക് 'ലാസർ' എന്ന് പേരുള്ള ഒരു സഹോദരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രോഗബാധിതനായിരുന്ന ലാസർ ഒരു ദിവസം പെട്ടെന്ന് മരിച്ചു. അവർ അവനെ അടക്കം ചെയ്തു. ഏക സഹോദരനെ നഷ്ടപ്പെട്ട സഹോദരിമാർ രണ്ടുപേരും വളരെ സങ്കടത്തോടെ കരയുകയായിരുന്നു. ലാസറിനെ സംസ്കരിച്ച് 4 ദിവസങ്ങൾക്ക് ശേഷം യേശുക്രിസ്തു ബേഥാന്യയിലേക്ക് പോയി. യേശുക്രിസ്തു വരുന്നു എന്നു കേട്ടപ്പോൾ മാർത്ത ഓടിവന്ന് യേശുവിനെ എതിരേറ്റ് "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു! അവനെ കല്ലറയിൽ വച്ചിട്ടു നാലുദിവസമായി" എന്നു പറഞ്ഞുകൊണ്ട് ആവലാതിപ്പെട്ടു. (യോഹ.11:21,39) അതുപോലെ, മറിയയും യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന് കരഞ്ഞു (യോഹ. 11:28-32). എന്റെ പ്രിയ മകനെ(ളെ), ഇന്ന് നിങ്ങളും ഏതോ ഒന്ന് നഷ്ടപ്പെട്ടതിന്റെ ദുഃഖത്തിലായിരിക്കാം! അതിന്റെ പേരിലുണ്ടായ വിമർശനങ്ങളുടെയും, അവഹേളനങ്ങളുടെയും, പരിഹാസങ്ങളുടെയും മദ്ധ്യത്തിൽ, 'എല്ലാം കഴിഞ്ഞു, ഇനി അത്രതന്നെ?' എന്ന സാഹചര്യത്തിന്റെ നടുവിൽ നിങ്ങൾ കരഞ്ഞുകൊണ്ടിരിക്കുകയാകാം! കലങ്ങാതിരിക്കുവിൻ! നിങ്ങളുടെ കണ്ണുനീർ തുടച്ച്, നിങ്ങളെ അനുഗ്രഹിക്കുവാൻ യേശുക്രിസ്തു നിങ്ങളുടെ വീട്ടിൽ വരും! കർത്താവ് നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ ചെയ്യുകയും നിങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, ഇന്നുതന്നെ കർത്താവിനെ സ്വീകരിക്കുവിൻ. കർത്താവിന് സ്ഥാനം നൽകുവിൻ. അപ്പോൾ കർത്താവ് വന്ന് നിങ്ങൾക്ക് അത്ഭുതം ചെയ്യും.

എന്റെ പ്രിയ മകനെ(ളെ), യേശുവിന് മാത്രമേ നമുക്ക് ഏതൊരു അനുഗ്രഹവും നൽകുവാൻ കഴിയൂ. സകല അനുഗ്രഹങ്ങളും യേശുവിന്റെ പക്കലുണ്ട്. കർത്താവ് നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങളെ അനുഗ്രഹിക്കാൻ തയാറായിരിക്കുന്നു. എന്നാൽ, കർത്താവ് നിങ്ങളിൽ നിന്ന് ഒരു കാര്യം പ്രതീക്ഷിക്കുന്നു. അതായത്, " ഞാൻ എന്റെ നാമത്തെ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്നു നിന്നെ അനുഗ്രഹിക്കും" (പുറ. 21:24) എന്ന് പറയുന്നു.

**നിങ്ങൾ യേശുക്രിസ്തുവിന്റെ നാമം പ്രഘോഷിക്കണമെന്ന് കർത്താവ് പ്രതീക്ഷിക്കുന്നു. അതിനായി നിങ്ങളെ സമർപ്പിക്കുമോ? നിങ്ങൾ സ്വയം സമർപ്പിക്കുമ്പോൾ, കർത്താവ് വന്ന് നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ എല്ലാ പാപങ്ങളും ശാപങ്ങളും രോഗങ്ങളും ആകുലതകളും നാണക്കേടുകളും നിന്ദകളും വഹിച്ചുകൊണ്ട് നിങ്ങളെ അനുഗ്രഹിക്കുവാനാണ് കർത്താവ് ക്രൂശിൽ തന്നെ തന്നെ യാഗമായി സമർപ്പിച്ചത്. അതുകൊണ്ട്, കർത്താവിന്റെ നാമം മാത്രം വിശ്വസിച്ച്, കർത്താവിന്റെ നാമം പറഞ്ഞ്, കർത്താവിനെ സ്തുതിച്ച് മഹത്വപ്പെടുത്തുവിൻ. അതായത്, 'യേശു' എന്ന നാമം മുറുകെ പിടിക്കുവിൻ. അപ്പോൾ നിശ്ചയമായും കർത്താവ് നിങ്ങളുടെ ജീവിതത്തിലേക്ക് വന്ന് നിങ്ങളെ അനുഗ്രഹിക്കും!**

# Revival IGNITERS

## പ്രതിമാസ യുവജന കൂട്ടായ്മ

**തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണാടക, പോണ്ടിച്ചേരി, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ പ്രതിമാസ യുവജന കൂട്ടായ്മകളിൽ 2000ത്തിലധികം യൗവനക്കാർ പങ്കെടുത്ത് തങ്ങൾ പ്രാർത്ഥനാ ജീവിതത്തിലും, ആത്മീയ ജീവിതത്തിലും വളരുന്നതിനോടൊപ്പം, ശുശ്രൂഷ ചെയ്ത് അനേകം ആത്മാക്കളെ രക്ഷയിലേക്ക് നയിക്കുകയും ചെയ്തുവരുന്നു. ഇവരിലൂടെ 4124 മണിക്കൂർ പ്രാർത്ഥന നടത്തപ്പെട്ടു.**



# യുവജന ഉണർവ് കൂട്ടായ്മ

























യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷയ്ക്ക് കർത്താവ് നൽകിയ "10 കോടി യൗവനക്കാരോട് സുവിശേഷം അറിയിച്ച് ഒരു കോടി യൗവനക്കാരെ കർത്താവിലേക്ക് നയിക്കുക" എന്ന ദർശന പദ്ധതി നിറവേറ്റുന്നതിനായി, എല്ലാ സംസ്ഥാനങ്ങളിലും പ്രാർത്ഥിക്കുന്ന, സുവിശേഷം അറിയിക്കുന്ന യൗവനക്കാരെ എഴുന്നേൽപ്പിക്കണം എന്ന ദർശനത്തോടെ യുവജന ശുശ്രൂഷ പ്രവർത്തിച്ചുവരുന്നു. 2024 ജനുവരി മുതൽ ഒക്ടോബർ വരെ തമിഴ്നാട്ടിലെ പല ജില്ലകളിലും ആന്ധ്രാ, കർണാടക, തെലുങ്കാന, ഡൽഹി, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങളിലും യുവജന ഉണർവ് കൂട്ടായ്മകൾ നടത്തുവാൻ കർത്താവ് കൃപ നൽകി. ഈ കൂട്ടായ്മയിൽ ഏകദേശം 8,930 യൗവനക്കാർ പങ്കെടുത്തിരുന്നു. പങ്കെടുത്ത എല്ലാ യൗവനക്കാരും പ്രാർത്ഥിക്കുവാനും സുവിശേഷം അറിയിക്കുവാനും തങ്ങളെ സമർപ്പിക്കുകയും, സുവിശേഷം അറിയിക്കുന്നതിനായി 3 ലക്ഷത്തിലധികം ലഘുലേഖകൾ വാങ്ങിക്കൊണ്ടുപോവുകയും ചെയ്തു.

കർത്താവിന് മഹത്വമുണ്ടാകട്ടെ!




# യുവജനലോകം മാസിക



## മലയാളം

മലയാളികളായ യൗവനക്കാർക്കുവേണ്ടി 2023 ഏപ്രിൽ മുതൽ മലയാളത്തിൽ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യപ്പെട്ടു. 2023 ആഗസ്റ്റ് മാസം മുതൽ 1400 മാസികകൾ അച്ചടിച്ച് മലയാളികളായ യൗവനക്കാർക്ക് തപാൽ വഴി അയച്ചുവരുന്നു.

മാസിക വായിക്കുന്ന അനേകം യൗവനക്കാർ വിശുദ്ധിയും വേർപാടുമോടെ എഴുന്നേറ്റ് കർത്താവിനുവേണ്ടി ജീവിക്കുവാൻ തങ്ങളെത്തന്നെ സമർപ്പിച്ചുവരുന്നു. ഇത് യൗവന തലമുറയ്ക്ക് വളരെ അനുഗ്രഹമായ മാസികയാണ്.

## തമിഴ്

യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷ മുഖാന്തരം 2009 ജൂൺ മുതൽ യുവജനലോകം മാസിക തമിഴിൽ പ്രസിദ്ധീകരിക്കാൻ കർത്താവ് സഹായിച്ചു. ഇതിലൂടെ യൗവനക്കാർക്കായി ഉണർവിന്റെ സന്ദേശങ്ങൾ, ഉപബോധമനസ്സിലുള്ള ചോദ്യങ്ങളുടെ മറുപടി, കൂടാതെ കർത്താവിൽ അടിയുറച്ച് വളരേണ്ടതുമായി ബന്ധപ്പെട്ട നിരവധി സന്ദേശങ്ങൾ തുടർച്ചയായി ഞങ്ങൾ അവതരിപ്പിക്കുന്നു. ഏകദേശം പതിനാലായിരത്തിലധികം പേർ ഇതിന്റെ വരിക്കാരായിരിക്കുന്നു. എല്ലാ മാസവും 15,000 മുതൽ 17,000 വരെ മാസികകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ കർത്താവ് കൃപ നൽകിവരുന്നു.

ഞങ്ങളുടെ website (youth.jesusredeems.com) ഡൗൺലോഡ് ചെയ്ത് വായിക്കുന്ന ധാരാളം യുവജനങ്ങൾക്ക് ഈ മാസികയിലൂടെ വിശുദ്ധിയിൽ സ്ഥിരപ്പെട്ട് ഉണർവ് ദർശനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ശരാശരി 10,000ത്തിലധികം പേർ ഡൗൺലോഡ് ചെയ്യുകയും വായിക്കുകയും ചെയ്യുന്നു.

## ഇംഗ്ലീഷ്

തമിഴ്നാടിന് പുറമേ, ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും യുവാക്കൾ ശിഷ്യരായി എഴുന്നേൽക്കണമെന്ന ദർശനത്തോടെ 2014 ഏപ്രിൽ മുതൽ യുവജനലോകം മാസിക ഇംഗ്ലീഷിൽ തപാൽ വഴി 3000 വരിക്കാർക്ക് അയച്ചുവരുന്നു. ഓരോ വർഷവും ഏകദേശം 6,000 ത്തിലധികം പേർ വെബ്സൈറ്റിൽ ഡൗൺലോഡ് ചെയ്യുകയും വായിച്ച് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ലോകരാജ്യങ്ങളിൽ നിന്ന് ഈ ഇംഗ്ലീഷ് മാസിക വായിച്ച് പ്രയോജനപ്പെടുത്തുന്ന യൗവനക്കാർ കർത്താവിനുവേണ്ടി തങ്ങളുടെ രാജ്യങ്ങളിൽ ദൈവവേല ചെയ്തുവരുന്നു.

## ഹിന്ദി

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ യൗവനക്കാരെ ആത്മീയ ജീവിതത്തിൽ വളരാൻ സഹായിക്കുന്നതിനായി 2023 മുതൽ ഹിന്ദി ഭാഷയിൽ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യപ്പെട്ടു. 2024 മുതൽ 1600 ലധികം മാസികകൾ അച്ചടിച്ച് തപാൽ വഴി അയച്ചുവരുന്നു. നാലായിരത്തോളം പേർ വെബ്സൈറ്റിലൂടെ വായിച്ച് പ്രയോജനപ്പെടുത്തുന്നു. ഇതുവഴി ഉത്തരേന്ത്യയിലും കർത്താവിനുവേണ്ടി ഒരു സൈന്യം ഉയർന്നുവരുന്നു.




























**അതുമാത്രമല്ല തെലുങ്ക്, കന്നഡ ഭാഷകളിൽ 2023 മാർച്ച് മാസം മുതൽ വെബ്സൈറ്റിലൂടെ എല്ലാ മാസവും 700 ലധികം പേർ ഡൗൺ ലോഡ് ചെയ്ത് വായിച്ച് പ്രയോജനപ്പെടുത്തിവരുന്നു. കർത്താവിന് മഹത്വമുണ്ടാകട്ടെ!**




# പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായുള്ള കൂട്ടായ്മ








പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുവേണ്ടി Achievers കൂട്ടായ്മ തമിഴ്നാട്ടിലെ പല ജില്ലകളിൽ നടത്തുവാൻ കർത്താവ് കൃപ നൽകി. ഇതിൽ ഏകദേശം 6241 വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. പങ്കെടുത്ത വിദ്യാർത്ഥികളിൽ 65% പേരും യേശുവിനെ അറിയാത്തവരായിരുന്നു. ഭയത്തോടും നിരാശാജനകമായ അവസ്ഥയിലുമെത്തിയ വിദ്യാർത്ഥികൾ ആത്മവിശ്വാസം കൈവരിച്ച് ഭയം മാറി പ്രതീക്ഷകളോടെ കടന്നുപോയി.










എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച Revival Igniters Live യേശു വിടുവിക്കുന്നു സോഷ്യൽ മീഡിയയിൽ സംപ്രേക്ഷണം ചെയ്യാറുണ്ട്. എല്ലാ മാസവും 1500ലധികം യൗവനക്കാർക്ക് ഇതിന്റെ പ്രയോജനം ഓൺലൈനിലൂടെ ലഭിക്കുന്നു.

എല്ലാ അഞ്ചാമത്തെ ഞായറാഴ്ചയും ഈ പരിപാടി സോഷ്യൽ മീഡിയയിലൂടെ ഹിന്ദി സംസാരിക്കുന്ന യൗവനക്കാർക്കായി ഹിന്ദിയിൽ സംപ്രേക്ഷണം ചെയ്യപ്പെടുന്നു. ഇതിൽ 500 ലധികം യൗവനക്കാർ തത്സമയം പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ രക്ഷയ്ക്കും ഉണർവിനും വേണ്ടി പ്രാർത്ഥിക്കുകയും, ധാരാളം പേർ പ്രാർത്ഥനയ്ക്കായി എഴുന്നേൽക്കുകയും ചെയ്യുന്നു.

എല്ലാ മാസവും അഞ്ചാം ഞായറാഴ്ച കന്നഡ സംസാരിക്കുന്ന യൗവനക്കാർക്കുവേണ്ടി കന്നഡയിൽ സംപ്രേക്ഷണം ചെയ്യുന്ന ഈ പരിപാടിയിൽ 500ലധികം പേർ കർണാടക സംസ്ഥാനത്തിന്റെ ഉണർവിനായി പ്രാർത്ഥിച്ചുവരുന്നു.

Revival IGNITERS

**ON SUNDAY 26th JANUARY**

**Time: 3:00 PM - 5:00 pm**

IGNITERS, MONTHLY YOUTH PROGRAM IS TELECASTED LIVE ONLINE IN YOUTUBE AND FACEBOOK ON THE LAST SUNDAY OF EVERY MONTH





# മറ്റ് സംസ്ഥാന ശുശ്രൂഷകൾ

## വടക്കേ ഇന്ത്യൻ ശുശ്രൂഷകൾ

കർത്താവിന്റെ മാർഗനിർദേശപ്രകാരം വടക്കേ ഇന്ത്യയിൽ നിന്നുള്ള 998 യൗവനക്കാരും (പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ജമ്മു, മദ്ധ്യപ്രദേശ്, ഹിമാചൽ പ്രദേശ്, ഡൽഹി) കൂടാതെ കിഴക്കൻ ഇന്ത്യയിൽ നിന്നുള്ള ( ഛത്തീസ്ഗഡ്, പശ്ചിമ ബംഗാൾ, ബീഹാർ, ജാർഖണ്ഡ്, ഉത്തർ പ്രദേശ്, ഒറീസ, ഉത്താരാഖണ്ഡ്) 968 യൗവനക്കാരും കടന്നുവന്ന് ഉണർവിന്റെ അഗ്നി തങ്ങളുടെ ജില്ലകളിൽ ആദ്യമായി കൊണ്ടുപോയിരിക്കുന്നു. ഈ യൗവനക്കാർ തങ്ങളെത്തന്നെ സമർപ്പിക്കുകയും കർത്താവിന്റെ ഉണർവ് പണികൾ തീക്ഷ്ണതയോടെ ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു. ഇവർക്കുവേണ്ടി പിന്തുടർച്ചാ ശുശ്രൂഷകൾ നടത്തിയതിന്റെ ഫലമായി ഡൽഹി, മുംബൈ യുവജന കൂട്ടായ്മകളിൽ ധാരാളം യൗവനക്കാർ കടന്നുവന്നു. ഈ വർഷത്തിൽ മാത്രം 95,157 യുവജനങ്ങൾക്ക് സുവിശേഷം അറിയിച്ചിരിക്കുന്നു. 3,68,142 മണിക്കൂർ തങ്ങളുടെ സംസ്ഥാനത്തിലെ യുവജനങ്ങൾക്കായി പ്രാർത്ഥന നടത്തിയിരിക്കുന്നു.









## ആന്ധ്രാ, തെലുങ്കാന ശുശ്രൂഷകൾ

ഉണർവിൽ പ്രധാന പങ്കുവഹിക്കുന്ന ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ രണ്ട് സംസ്ഥാനങ്ങളിൽ നിന്നുള്ള 500-ലധികം യുവജനങ്ങൾ നാലുമാവടിയിൽ നടന്ന ഉണർവ് വ്യാപിപ്പിക്കുന്നവരുടെ ക്യാമ്പിൽ പങ്കെടുത്ത് ശക്തിപ്രാപിച്ചു. ഇതിനെ തുടർന്ന് 2024ൽ ചിറ്റൂർ, പുത്തൂർ, കുപ്പം, തിരുപ്പതി, ഹൈദരാബാദ് എന്നിവിടങ്ങളിൽ ഏകദേശം 1,21,274 പേർക്ക് യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുവാനും, 15,499 മണിക്കൂർ ഉണർവിനുവേണ്ടി പ്രാർത്ഥിക്കുവാനും കർത്താവ് കൃപ നൽകി. അതുമാത്രമല്ല, ചിറ്റൂർ, തിരുപ്പതി, ഹൈദരാബാദ് എന്നിവിടങ്ങളിൽ യുവജനങ്ങൾക്കായി പ്രതിമാസ പിന്തുടർച്ചാ കൂട്ടായ്മകളും, ഹൈദരാബാദ്, നഗർകർനൂൽ, കുപ്പം, ചിറ്റൂർ എന്നിവിടങ്ങളിൽ യുവജനങ്ങൾക്കുവേണ്ടി പ്രത്യേക ഉണർവ് കൂട്ടായ്മകളും നടത്തപ്പെട്ടപ്പോൾ ഏകദേശം1000 യുവജനങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

## കേരളത്തിലെ ശുശ്രൂഷകൾ

കേരളത്തിൽ നിന്ന് 600ലധികം യുവജനങ്ങൾ ഉണർവിന്റെ അഗ്നി വ്യാപിപ്പിക്കുന്നവരുടെ ക്യാമ്പിൽ പങ്കെടുത്തു. അവരിലൂടെ ഉണർവിന്റെ അഗ്നി അതിവേഗം പടർന്നു വരുന്നു. 2024ൽ 1,75,103 പേർക്ക് സുവിശേഷം അറിയിക്കുകയും, 14,534 മണിക്കൂർ രാജ്യത്തിന്റെ ഉണർവിനായി പ്രാർത്ഥന നടത്തപ്പെടുകയും ചെയ്തു. കർത്താവ് നൽകിയ വാഗ്ദാനപ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഉണർവ് വ്യാപിക്കുവാൻ തുടങ്ങിയിരിക്കുന്നു. കർത്താവിന് മഹത്വമുണ്ടാകട്ടെ!







# പ്രാർത്ഥനാ ഡയറി

ജനുവരി 2025

1. ഇന്ത്യയിൽ മദ്യത്തിന് അടിമകളായിരിക്കുന്ന 16 കോടിയിലധികം ജനങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

2. ഇന്ത്യയിൽ മൂന്നിൽ ഒരാൾ മദ്യത്തിന് അടിമയായിരിക്കുന്നു. ഇവർ വിടുവിക്കപ്പെടുവാനും, മദ്യത്തിന് അടിമകളായ 7.5% സ്ത്രീകളുടെ വിടുതലിനായും പ്രാർത്ഥിക്കുവിൻ.

3. ഇന്ത്യയിൽ ഓരോ വർഷവും 30 ലക്ഷം ജനങ്ങൾ മദ്യപാനം മൂലം മരണപ്പെടുന്നു, ഓരോ മിനിറ്റിലും 6 പേർ മരിക്കുന്നു. ഇത്തരത്തിലുള്ള മരണങ്ങൾ സംഭവിക്കാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

4. മയക്കുമരുന്നിന് അടിമകളായിരിക്കുന്ന യൗവനക്കാരുടെ എണ്ണം അഞ്ചിരട്ടിയായി വർദ്ധിച്ചുവരുന്നത് തടസ്സപ്പെട്ടുപോകുവാനും, യൗവനക്കാർക്കിടയിൽ ഒരു സുബോധം ഉണ്ടാകുവാനുമായി പ്രാർത്ഥിക്കുവിൻ.

5. ഇന്ത്യയിൽ 45% മദ്യവിൽപ്പന നടക്കുന്ന നാല് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ ഹൃദയത്തിൽ കർത്താവ് വലിയൊരു മാറ്റം കൊണ്ടുവരുന്നതിനായി പ്രാർത്ഥിക്കുവിൻ.

6. ഇന്ത്യയിൽ ഓരോ ദിവസവും 80 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നും, ഒരു വർഷം 29,193 പേർ കൊല്ലപ്പെടുന്നുവെന്നും നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പരാമർശിച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

7. കഴിഞ്ഞ വർഷം 3779 കൊലപാതകങ്ങളുമായി ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്ന ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുവിൻ.

8. ഇന്ത്യയിൽ അക്രമവും, കൊലപാതകങ്ങളും, കുറ്റകൃത്യങ്ങളും മാറുവാനായി പ്രാർത്ഥിക്കുവിൻ.

9. യൗവനക്കാർക്കിടയിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, പരസ്പരം കൊല്ലുകയും തങ്ങളുടെ ഭാവി നശിപ്പിക്കുകയും ചെയ്യുന്ന ഈ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

10. കൊലപാതകത്തിന് പ്രേരിപ്പിക്കുകയും, ഭൂമിയിൽ മനുഷ്യരക്തം ചിന്തുകയും ചെയ്യുന്ന ദുരാത്മാക്കൾ ബന്ധിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

11. മണിപ്പൂർ സംസ്ഥാനത്തിൽ ആക്രമണങ്ങൾ ആരംഭിച്ച ദുരാത്മാക്കൾ ബന്ധിക്കപ്പെടാനും, അക്രമം പൂർണ്ണമായി നീക്കപ്പെടാനുമായി പ്രാർത്ഥിക്കാം.

12. അക്രമ സംഭവങ്ങൾ നിമിത്തം മരണങ്ങളും നഷ്ടങ്ങളും ഉണ്ടാകാതെ ജനങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കാം.

13. ഈ അക്രമം പരിഹരിക്കുവാൻ മണിപ്പൂർ മുഖ്യമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശരിയായ തീരുമാനം എടുക്കാനായി പ്രാർത്ഥിക്കുവിൻ.

14. കുക്കി, മെയ്തി വംശീയ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും അക്രമങ്ങളും മാറി സമാധാനം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

15. മണിപ്പൂർ സംസ്ഥാനം ഉണർവിനായി ഒരുങ്ങുവാനും, അവിടത്തെ ജനങ്ങൾ യേശുവിനെ രക്ഷകനായി സ്വീകരിക്കാനും പ്രാർത്ഥിക്കുവിൻ.

16. മണിപ്പൂരിലെ അവസ്ഥ മറ്റൊരു സംസ്ഥാനത്തും ഉണ്ടാകാതിരിക്കുവാൻ ദൈവീക സംരക്ഷണത്തിനായി സമർപ്പിച്ച് പ്രാർത്ഥിക്കുവിൻ.

17. മഞ്ഞുകാലത്ത് ശരിയായ വസ്ത്രവും പാർപ്പിടവും ഇല്ലാതെ കഷ്ടപ്പെടുന്ന കുഞ്ഞുങ്ങൾക്കായി സഹായ ഹസ്തങ്ങൾ നീട്ടുവാനായി പ്രാർത്ഥിക്കുവിൻ.

18. പണപ്പെരുപ്പത്തിലും തൊഴിലവസരത്തിലും ഏറ്റവും മോശമായ പ്രതിസന്ധി നേരിടുന്ന കാനഡാ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുവിൻ.

19. കുഞ്ഞുങ്ങൾക്ക് ശരിയായി ഭക്ഷണം നൽകുവാനാകാതെ 25% മാതാപിതാക്കൾ തങ്ങളുടെ ഭക്ഷണം കുറച്ചു. ഭക്ഷ്യക്ഷാമം മാറി ആ രാജ്യത്തിൽ ഐശ്വര്യമുണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

20. കാനഡയിൽ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന 25% ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ, ദൈവകരം പ്രവർത്തിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

21. യേശുവിലുള്ള വിശ്വാസം നിമിത്തം ഇന്ത്യയിലെ 34 കോടിയിലധികം ക്രൈസ്തവർ നേരിടുന്ന പീഡനങ്ങൾ അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.

22. ലോകമെമ്പാടും 13 ക്രൈസ്തവർ ഓരോ ദിവസവും യേശുവിനെ സ്വീകരിക്കുകയും, യേശുവിന്റെ സ്നേഹത്തിന്റെ വഴിയിൽ നടക്കുകയും ചെയ്യുന്നതിനാൽ കൊലചെയ്യപ്പെടുന്നു. ഇത് മാറുവാനായി പ്രാർത്ഥിക്കുവിൻ.

23. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ പേരിൽ ദിവസവും കൊല്ലപ്പെടുന്ന ക്രൈസ്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ക്രൈസ്തവർക്ക് ദൈവീക സംരക്ഷണം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

24. കുട്ടികളിൽ വളർന്നുവരുന്ന അക്രമാസക്തമായ ചിന്തകൾ മാറുന്നതിനും, കുട്ടികൾ മാനസാന്തരപ്പെടുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

25. നമ്മുടെ രാജ്യത്തിൽ ഏകദേശം 4 ലക്ഷം ജനങ്ങൾ ഭിക്ഷാടനം ചെയ്ത് ജീവിക്കുന്നു. ദാരിദ്ര്യം മൂലം 3 ലക്ഷം കുഞ്ഞുങ്ങൾ ഭിക്ഷയെടുക്കുന്ന അവസ്ഥ മാറുവാനായി പ്രാർത്ഥിക്കുവിൻ.

26. കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി, അവരുടെ ശരീരഭാഗങ്ങൾ വിറ്റ് പണമുണ്ടാക്കുന്നവരിൽ നിന്നും കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

27. രാജ്യത്തിൽ ഓരോ വർഷവും ഒരു കോടിയിലധികം ഗർഭസ്ഥ ശിശുക്കൾ കൊല്ലപ്പെടുന്നു. ഗർഭസ്ഥ ശിശുക്കളെ കർത്താവ് സംരക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.

28. നമ്മുടെ രാജ്യത്തിൽ വിവിധ കാരണങ്ങളാൽ സ്കൂളിൽ പോകാത്ത ഏകദേശം 81 ലക്ഷം കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സർക്കാർ നല്ല പദ്ധതികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

29. ഇന്ത്യയിൽ ഏതെങ്കിലും തരത്തിലുള്ള മയക്കുമരുന്ന് ശീലത്തിന് അടിമപ്പെട്ട് കുടുങ്ങിക്കിടക്കുന്ന ഏകദേശം 85 ലക്ഷം കുഞ്ഞുങ്ങളെ കർത്താവ് വിടുവിക്കുവാനായി പ്രാർത്ഥിക്കുവിൻ.

30. നമ്മുടെ രാജ്യത്തിൽ 49 ലക്ഷത്തിലധികം ബാലവേല ചെയ്യുന്നവരുണ്ട്. ബാലവേല നിരോധന നിയമങ്ങൾ കർശനമാക്കുവാനായി പ്രാർത്ഥിക്കുവിൻ.

31. ഇന്ത്യയിൽ ക്രിമിനൽ പ്രവർത്തനങ്ങളിലേർപ്പെട്ട് ജയിലുകളിൽ കഴിയുന്ന 1,657 കുഞ്ഞുങ്ങൾ മാനസാന്തരപ്പെടാനും തങ്ങളുടെ ജീവിതം യേശുവിന് സമർപ്പിക്കുവാനുമായി പ്രാർത്ഥിക്കുവിൻ.


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn.,<br>Extra Police Road, Palayam,<br>Trivandrum - 695 033.<br>Kerala State. | Chandrasseri House,<br>Madaplathuroth,<br>Moothakunnam - 683 516,<br>Kochi, Kerala State. | 2nd Floor,<br>Aswathy Tower,<br>Thekkumgopuram - 686 001,<br>Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# ഉണർവ് വ്യാപിപ്പിക്കുന്നവരുടെ ക്യാമ്പ്





യേശു വിടുവിക്കുന്നു ശുശ്രൂഷയ്ക്ക് കർത്താവ് നൽകിയ ദർശനമനുസരിച്ച്, യുവജനങ്ങൾക്ക് ഉണർവ് വ്യാപിപ്പിക്കുന്നതിനുള്ള ക്യാമ്പ് 2021 മുതൽ നടത്തിവരുന്നു. ഇതിൽ കേരളം, തമിഴ്നാട്, ആന്ധ്ര - തെലുങ്കാന, കർണാടക, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, കിക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾ തുടങ്ങി ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും 13,000ലധികം യുവജനങ്ങളെ നാലുമാവടി ദൈവഭവനത്തിലേക്ക് ക്ഷണിച്ചു. പങ്കെടുത്തവരെല്ലാം ഉണർവിന്റെ അഗ്നി തങ്ങളുടെ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി. 2024 മെയ് 3,4,5 തീയതികളിൽ യുവജനങ്ങൾക്കായി തമിഴ്നാട്ടിൽ നടന്ന നാലാമത്തെ ബാച്ചിൽ 1093ലധികം യൗവനക്കാർ പങ്കെടുത്ത് ഉണർവിന്റെ അഗ്നി പ്രാപിച്ച്, അഭിഷേകത്തോടെ കടന്നുപോകുകയും അവരുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സജീവമായി സുവിശേഷം അറിയിക്കുവാനും ആരംഭിച്ചിരിക്കുന്നു.











